ഉത്തരം

(എ) 801 ബസ്സുകൾ വാങ്ങിയിട്ടുണ്ട്.

(ബി) അശോക് ലൈലാന്റ്, ടാറ്റാ, ഐഷർ, വോൾവോ ഇന്ത്യ ലിമിറ്റഡ് എന്നീ കമ്പനികളിൽ നിന്നാണ് വാങ്ങിയത്.

(സി) 41 കോടി രൂപയുടെ സ്പെയർ പാർട്ട്സുകൾ വാങ്ങിയിട്ടുണ്ട്.

(ഡി) ടെൻഡർ വിളിക്കുകയും, പരസ്യലേലം നടത്തുകയും ചെയ്യുന്നു. ഇതിൽ ഏറ്റവും കൂടുതൽ തുക നൽകുന്നവർക്കാണ് വിൽപ്പന നടത്തുന്നത്.

(ഇ) 11 കോടി രൂപ ലഭിച്ചിട്ടുണ്ട്.

പുതിയ ബസ്സുകൾ വാങ്ങുമ്പോൾ കെ.എസ്.ആർ.ടി.സി. പാലിക്കുന്ന നടപടിക്രമങ്ങൾ

113 [567] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ആർ.ടി.സി. എത്ര പുതിയ ബസ്സുകൾ വാങ്ങിയിട്ടുണ്ട്;

(ബി) ഇപ്പോൾ പുതിയ ബസ്സുകൾ വാങ്ങാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എത്ര എണ്ണം ഏതെല്ലാം കമ്പനികളിൽനിന്ന് വാങ്ങാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) പുതിയ ബസ്സുകൾ വാങ്ങുമ്പോൾ കെ.എസ്.ആർ.ടി.സി. പാലിക്കുന്ന നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ഡി) നിലവിലുള്ള നടപടി ക്രമങ്ങൾ പാലിച്ചു തന്നെയാണോ കെ.എസ്.ആർ.ടി.സി. ബസ്സുകൾ വാങ്ങിയിട്ടുള്ളത് എന്നറിയിക്കാമോ;

(ഇ) അല്ലെങ്കിൽ നിലവിലുള്ള നടപടിക്രമങ്ങൾ പാലിക്കാതിരിക്കാൻ എന്തായിരുന്നു കാരണമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 801 പുതിയ ബസ്സുകൾ വാങ്ങിയിട്ടുണ്ട്.

(ബി) ഉണ്ട്. അശോക് ലൈലാന്റ്, ടാറ്റാ, എന്നീ കമ്പനികളിൽ നിന്നായി 342 ബസ്സുകൾ വാങ്ങാനാണ് ഉദ്ദേശിക്കുന്നത്.

(സി) കെ.എസ്.ആർ.ടി.സി.-യുടെ ആവശ്യകത, സാമ്പത്തിക സ്ഥിതി എന്നിവ കണക്കിലെടുത്ത് അശോക് ലൈലാന്റ്, ടാറ്റാ എന്നീ കമ്പനികളിൽ നിന്നും അവരുടെ ക്വട്ടേഷൻ പ്രകാരം 2:1 എന്ന അനുപാതത്തിലാണ് ബസ്സുകൾ

LIBRARY ARCHIVES Kerala Legislative Assembly

വാങ്ങുന്നത്. ഇതു കൂടാതെ അശോക് ലൈലാന്റ്, ടാറ്റാ, ഐഷർ എന്നീ കമ്പനികളിൽനിന്നും കമ്മീഷൻ പ്രകാരം മിനി ബസ്സുകളും വോൾവോയിൽ നിന്നും ലക്ഷ്വറി ബസ്സുകളും വാങ്ങിക്കുന്നുണ്ട്.

(ഡി) അതെ.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

പുതിയ കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ ആരംഭിക്കാൻ നടപടി

114 [568] ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിൽ മണക്കാട്-ആറ്റുകാൽ-കാലടി വഴി കിഴക്കേകോട്ടയിലേയ്ക്കും, കരമന-തമലം-പൂജപ്പുര-പാങ്ങോട് വഴി കിഴക്കേ കോട്ടയിലേയ്ക്കും കെ.എസ്.ആർ.ടി.സി.-യുടെ കൂടുതൽ സിറ്റി സർവ്വീസ് ബസ്സുകൾ ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ പ്രദേശങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് കൂടുതൽ ബസ് സർവ്വീസുകൾ ആരംഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മണക്കാട്-ആറ്റുകാൽ-കാലടി വഴി കിഴക്കേകോട്ടയിലേയ്ക്കും, കരമന-കാലടി-പൂജപ്പുര-പാങ്ങോട് വഴി കിഴക്കേ കോട്ടയിലേയ്ക്കും ധാരാളം സർവ്വീസുകൾ കെ.എസ്.ആർ.ടി.സി. നടത്തുന്നുണ്ട്. ഇത് കൂടാതെ ഈ പ്രദേശങ്ങളിൽകൂടി പ്രൈവറ്റ് ബസ്സുകളും സർവ്വീസ് നടത്തുന്നുണ്ട്. ഇപ്പോൾ ഓപ്പറേറ്റ് ചെയ്യുന്ന സർവ്വീസുകൾ അപര്യാപ്തമാണെന്ന് കണ്ടാൽ കൂടുതൽ സർവ്വീസുകൾ നടത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

ചെറുവട്ടൂർ–ഓടക്കാലിവഴി ആലുവയ്ക്കുള്ള കെ.എസ്.ആർ.ടി.സി. ബസ്സ് സർവ്വീസ് പുനഃരാരംഭിക്കാൻ നടപടി

115 [569] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ ഡിപ്പോയിൽനിന്നും ചെറുവട്ടൂർ, മേതല, ഓടക്കാലിവഴി ആലുവയ്ക്ക് സർവ്വീസ് നടത്തിക്കൊണ്ടിരുന്ന കെ.എസ്.ആർ.ടി.സി. ബസ്സിന്റെ സർവ്വീസുകൾ വെട്ടിച്ചുരുക്കിയത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly